പതിനൊന്നാം ധനകാര്യ കമ്മിഷന്റെ പരിഗണനയ്ക്കുള്ള വിഷയങ്ങൾ

24 (*84)ശ്രീ. പാലോട് രവി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. കെ.സി. ജോസഫ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ പരിഗണനയ്ക്കുള്ള വിഷയങ്ങൾ വിപുലമാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ധനകാര്യ കമ്മിഷന്റെ അധിക പരിഗണനയ്ക്ക് വച്ചിട്ടുള്ള വിഷയങ്ങൾ;

(സി) ഈ വിഷയങ്ങൾ സംസ്ഥാനത്തെ ഏതുവിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തഭിപ്രായമാണ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി കുറയ്ക്കാനുള്ള ഒരു സാമ്പത്തിക പരിഷ്ക്കരണ പദ്ധതിക്ക് രൂപം നൽകാനും, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലുള്ള പുരോഗതിയെ, സംസ്ഥാനങ്ങളുടെ പദ്ധതിയേതര റവന്യൂ ചെലവിലുണ്ടാകുന്ന കമ്മി നികത്തുന്നതിന് നൽകുന്ന ഗ്രാന്റുമായി എങ്ങനെ ബന്ധപ്പെടുത്താം എന്നതിനെക്കുറിച്ചും ശുപാർശ സമർപ്പിക്കാനാണ്, അധിക പരിഗണന വിഷയത്തിൽ കമ്മിഷനോടാവശ്യപ്പെട്ടിരിക്കുന്നത്.

(സി) ധനകാര്യ കമ്മിഷൻ ഇക്കാര്യത്തിൽ നടത്തുന്ന ശുപാർശകൾ ലഭിച്ചശേഷമേ അത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് പറയാൻ സാധിക്കൂ.

(ഡി) സംസ്ഥാനത്തിന്റെ ധനകാര്യ സ്വയം ഭരണാധികാരത്തെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ളതുകൊണ്ട് അധിക പരിഗണനാ വിഷയം റദ്ദു ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

കർഷകരക്ഷാ പദ്ധതിയുടെ പ്രവർത്തനം

25 (*85)ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. പി. രാഘവൻ :

ശ്രീ. പി. വിശ്വൻ :

ശ്രീ. എ. കണാരൻ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ച കർഷകരക്ഷാ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പദ്ധതി അനുസരിച്ചുള്ള പോളിസി വിതരണം ഏതു ഘട്ടംവരെയായി;

(സി) വിതരണം ഏതൊക്കെ ജില്ലകളിലാണ് പൂർത്തീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൂർത്തിയാക്കാത്ത ജില്ലകളിൽ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കാമെന്ന് വ്യക്തമാക്കുമോ;

(ഇ) കർഷകരക്ഷാ പദ്ധതിയുടെ ആനുകൂല്യവിതരണം ആരംഭിച്ചുവോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പോളിസിയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്)പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ആനുകൂല്യം ലഭിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത പദ്ധതിയിൽ അംഗമായിരിക്കെ അപകടത്തിൽ മരിക്കുന്നവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായം നൽകാൻ വ്യവസ്ഥയുണ്ടോ;

(എച്ച്) എങ്കിൽ ഇതനുസരിച്ച് സംസ്ഥാനത്ത് ഇതിനകം എത്രപേർക്ക് സഹായം നൽകി എന്ന് വ്യക്തമാക്കുമോ;

(ഐ) സംസ്ഥാനത്തെ കർഷകരക്ഷാ പദ്ധതിയുടെ പ്രവർത്തനം കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) 2.10.1999 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം പോളിസി തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പൂർത്തീകരിച്ചു.

(ഡി) ഉടൻ പൂർത്തീകരിക്കുന്നതാണ്.

(ഇ) കർഷകരക്ഷാ പദ്ധതിയുടെ ആനുകൂല്യവിതരണം ആരംഭിച്ചു കഴിഞ്ഞു. വിശദാംശങ്ങൾ അനുബന്ധമായി† ചേർത്തിരിക്കുന്നു.

(എഫ്) ഈ പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്രസർക്കാരിൽ നിന്നും ആനുകൂല്യം ഒന്നും ലഭിക്കുന്നില്ല.

(ജി) ഉണ്ട്. മരണപ്പെടുന്ന അംഗങ്ങളുടെ മക്കൾക്ക് വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്ക് ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്.

(എച്ച്) സംസ്ഥാനത്ത് ആകെ 38 പേർക്ക് 20.61 ലക്ഷം രൂപ ധനസഹായം നൽകിക്കഴിഞ്ഞു. കൂടാതെ 63 പേർക്ക് 32.60 ലക്ഷം രൂപ ധനസഹായം നൽകുന്നതിനുള്ള നടപടിയും പൂർത്തിയാക്കിവരുന്നു.

(ഐ) പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമായി പുരോഗമിക്കുകയാണ്. ഇതു സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly